# വിശ്വാസിയുടെ അടയാളങ്ങൾ (05)

06/10/2023

بسم الله الرحمن الرحيم

വിശ്വാസികളുടെ അടയാളങ്ങളായ നാല് കാര്യങ്ങളാണ് ചർച്ച ചെയ്യുന്നത്.

❖ **നാല് കാര്യങ്ങൾ നമ്മിലുണ്ടായാൽ നാം വിശ്വാസിയാണ്.**

| | | |
|---|---|---|
| الأُولَى :العِلْمُ، وَهُوَ :مَعْرِفَةُ اللَّهِ، وَمَعْرِفَةُ نَبِيِّهِ، وَمَعْرِفَةُ دِينِ الإِسْلَامِ بِالأَدِلَّةِ. | | |
| الثَّانِيَةُ: العَمَلُ بِهِ. | الثَّالِثَةُ: الدَّعْوَةُ إِلَيْهِ. | الرَّابِعَةُ: الصَّبْرُ عَلَى الأَذَى فِيهِ. |

**1. അറിവ് നേടണം.**

**A. അല്ലാഹുവിനെക്കുറിച്ചുള്ള അറിവ്.**

**B. മുഹമ്മദ് നബി (സ്വ) യെ അറിവ്**

**C. മതത്തെ കുറിച്ചുള്ള അറിവ്.**

**2. അറിഞ്ഞത് പ്രവർത്തിക്കണം.**

**ഇന്ന് നാം മനസ്സിലാക്കുന്നത്**

**3. നാം വിശ്വസിക്കുന്നതിലേക്കും പ്രവർത്തിക്കുന്നതിലേക്കും മറ്റുള്ളവരെ വിളിക്കണം.**

ഇസ്ലാമിക പ്രബോധനം സജീവമായി നിർവഹിക്കേണ്ട ഒരു കാലത്താണ് നാം ജീവിക്കുന്നത്.

ഇസ്ലാമിന്റെ ആശയങ്ങളെ വികൃതമാക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. ഇസ്ലാമിന്റെ അകത്തു നിന്നും പുറത്തു നിന്നും ഇസ്ലാമിനെ തകർക്കാൻ പലരും ശ്രമിക്കുന്ന കാലമാണിത്.

നമ്മുടെ വിശ്വാസം പൂർണമാകണമെങ്കിൽ നാം ഇസ്ലാമിക പ്രബോധകരാവണം.

## ❖ ഇസ്ലാമിക പ്രബോധനത്തിന്റെ വിധി

ഇസ്ലാമിക പ്രബോധനം നിർബന്ധ ബാധ്യതയാണ് എന്നാണ് പണ്ഡിതന്മാർ പറയുന്നത്.

فالدعوة إلى الله واجبة على كل مسلم ومسلمة، كل حسب قدرته وعلمه، والدعوة إلى الله مسؤولية الأمة، وحاجة الأمة.

**നമസ്കാരം, ഹജ്ജ് എന്നീ കർമ്മങ്ങളുടെ കൂടെയാണ് ഇസ്ലാമിക പ്രബോധനത്തെ അല്ലാഹു പഠിപ്പിക്കുന്നത്.**

الَّذِينَ إِن مَّكَّنَّاهُمْ فِي الْأَرْضِ أَقَامُوا الصَّلَاةَ وَآتَوُا الزَّكَاةَ وَأَمَرُوا بِالْمَعْرُوفِ وَنَهَوْا عَنِ الْمُنكَرِ ۗ وَلِلَّهِ عَاقِبَةُ الْأُمُورِ ﴿الحج/٤١﴾

**പ്രബോധനത്തിന് എപ്പോഴും ഒരു വിഭാഗം ഉണ്ടാവണം.**

وَلْتَكُنْ مِنْكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ وَيَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنْكَرِ وَأُولَئِكَ هُمُ الْمُفْلِحُونَ (آل عمران: ١٠٤)

**ഒരു വിഭാഗം മാറിയിരിക്കണം.**

وَمَا كَانَ الْمُؤْمِنُونَ لِيَنْفِرُوا كَافَّةً فَلَوْلَا نَفَرَ مِنْ كُلِّ فِرْقَةٍ مِنْهُمْ طَائِفَةٌ لِيَتَفَقَّهُوا فِي الدِّينِ وَلِيُنْذِرُوا قَوْمَهُمْ إِذَا رَجَعُوا إِلَيْهِمْ لَعَلَّهُمْ يَحْذَرُونَ (التوبة: ١٢٢)

**അമ്പിയാക്കൾ ഈ ദൌത്യം നിർവഹിച്ചവരാണ്.**

عَنِ ابْنِ عَبَّاسٍ، قَالَ: كَانَ بَيْنَ آدَمَ، وَنُوحٍ عَشَرَةُ قُرُونٍ كُلُّهُمْ عَلَى شَرِيعَةٍ مِنَ الْحَقِّ، فَلَمَّا اخْتَلَفُوا بَعَثَ اللَّهُ النَّبِيِّينَ وَالْمُرْسَلِينَ وَأَنْزَلَ كِتَابَهُ فَكَانُوا أُمَّةً وَاحِدَةً

**മുഹമ്മദ് നബി (സ്വ) യോട് പ്രഖ്യാപിക്കാൻ പറഞ്ഞത്.**

قُلْ هَذِهِ سَبِيلِي أَدْعُو إِلَى اللَّهِ عَلَى بَصِيرَةٍ أَنَا وَمَنِ اتَّبَعَنِي وَسُبْحَانَ اللَّهِ وَمَا أَنَا مِنَ الْمُشْرِكِينَ (يوسف: ١٠٨)

**നബി (സ്വ) എന്ന പ്രബോധകൻ;**

നബി (സ്വ) ക്ക് വഹ്‌യ് നിലച്ചു. രണ്ടാമത് നബി (സ്വ) വഹ്‌യ് ലഭിച്ച സമയം പേടിച്ചു വീട്ടിൽ പോയി കിടന്നുറങ്ങി.

يَا أَيُّهَا الْمُدَّثِّرُ ﴿١﴾ قُمْ فَأَنذِرْ ﴿٢﴾ وَرَبَّكَ فَكَبِّرْ ﴿٣﴾ (المدثر)

**പ്രബോധനം നിർവഹിച്ചപ്പോൾ നബി (സ്വ) യെ പരിഹസിച്ചു. ഉപദ്രവിച്ചു. നാട്ടിൽ നിന്നും പുറത്താക്കി, അദ്ദേഹ ത്തിനെതിരിൽ യുദ്ധം ചെയ്തു.**

**അബൂബക്കർ (റ) ആ ദൌത്യം ഏറ്റെടുത്തു.**

നബി (സ്വ) പറഞ്ഞു; ഇസ്ലാമിലേക്ക് ഞാൻ ആളുകളെ ക്ഷണിച്ചപ്പോൾ എല്ലാവരും ഒന്ന് ആലോചിക്കട്ടെ എന്ന പറഞ്ഞു. അബൂബക്കർ ഒഴികെ.

مَا دَعَوْتُ أَحَدًا إِلَى الْإِسْلَامِ إِلاَّ كَانَتْ لَهُ عَنْهُ كَبْوَةٌ وَتَرَدُّدٌ وَنَظَرٌ، إِلاَّ أَبَا بَكْرٍ

നബി (സ്വ) തന്റെ ഇഷ്ടക്കാരനെ ഇസ്ലാമിലേക്ക് ക്ഷണിച്ചത് പോലെ അബൂബക്കർ (റ) തന്റെ സ്നേഹിതരെ ഇസ്ലാമിലേക്ക് ക്ഷണിച്ചു.

- സ്വർഗം കൊണ്ട് സന്തോഷ വാർത്ത ലഭിച്ച അഞ്ചു പേർ അബൂബക്കർ (റ) വിന്റെ കരങ്ങളാൽ ഇസ്ലാം സ്വീകരിച്ചു.

| | | |
|---|---|---|
| وطلحة بن عبيد الله | وعثمان بن عفان | الزبير بن العوام |
| وسعد بن أبي وقاص | | وعبد الرحمن بن عوف |

- എഴോളം അടിമകളെ അദ്ദേഹം മോചിപ്പിച്ച് ഇസ്ലാമിലേക്ക് കൊണ്ടു വന്നിട്ടുണ്ട്. പിതാവ് പറഞ്ഞത് എന്തിന് അടിമകളെ മോചിപ്പിക്കണം. അറിയപ്പെടുന്നവരുടെ കാര്യത്തിൽ പണം ചെലവഴിക്കുക, അത് നാളെ നിനക്ക് ഉപകാരപ്പെടും, നിന്നെ അവർ സഹായിക്കും.

❖ **ലുഖ്മാനുൽ ഹഖീം മകന് നൽകിയ ഉപദേശം**

يَا بُنَيَّ أَقِمِ الصَّلَاةَ وَأْمُرْ بِالْمَعْرُوفِ وَانْهَ عَنِ الْمُنكَرِ وَاصْبِرْ عَلَىٰ مَا أَصَابَكَ ۖ إِنَّ ذَٰلِكَ مِنْ عَزْمِ الْأُمُورِ ﴿١٧﴾

## ❖ ഇസ്ലാമിക പ്രബോധനത്തിന്റെ ലക്ഷ്യം

**1. സ്വർഗ പ്രവേശനത്തിന്.**

പരലോകത്ത് വിജയിക്കണമെങ്കിൽ ഇസ്ലാമിക പ്രബോധകനാവണം.

**2. പ്രാർത്ഥന സ്വീകരിക്കാൻ.**

عَنْ حُذَيْفَةَ أَنَّ النَّبِيَّ ﷺ قَالَ: وَالَّذِي نَفْسِي بِيَدِهِ لَتَأْمُرُنَّ بِالْمَعْرُوفِ وَلَتَنْهَوُنَّ عَنِ الْمُنْكَرِ أَوْ لَيُوشِكَنَّ اللَّهُ أَنْ يَبْعَثَ عَلَيْكُمْ عَذَابًا مِنْ عِنْدِهِ ثُمَّ لَتَدْعُنَّهُ وَلَا يُسْتَجَابُ لَكُمْ. (التِّرْمِذِيُّ)

ആശയം; നന്മ കൽപ്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്തിട്ടില്ലെങ്കിൽ നിങ്ങളുടെ മേൽ അല്ലാഹുവിന്റെ ശിക്ഷ ഇറങ്ങുമോ എന്ന ഞാൻ ഭയപ്പെടുന്നു. പിന്നെ അവർ അല്ലാഹുവോട് ദുആ ചെയ്യുന്നു. എന്നാൽ അവരുടെ പ്രാർത്ഥന അല്ലാഹു സ്വീകരിക്കുകയില്ല.

**3. ബാധ്യത നിർവഹിച്ചു എന്നു പറയാൻ**

وَإِذْ قَالَتْ أُمَّةٌ مِّنْهُمْ لِمَ تَعِظُونَ قَوْمًا ۙ اللَّهُ مُهْلِكُهُمْ أَوْ مُعَذِّبُهُمْ عَذَابًا شَدِيدًا ۖ قَالُوا مَعْذِرَةً إِلَىٰ رَبِّكُمْ وَلَعَلَّهُمْ يَتَّقُونَ ﴿١٦٤﴾

## ❖ പ്രബോധകനാവാൻ നാം ചെയ്യേണ്ടത്.

**1. ത്യാഗത്തിന് സന്നദ്ധരാവുക.**

- ഇസ്ലാമിക പ്രബോധനം എളുപ്പമല്ല, പീഢനങ്ങളും പ്രയാസങ്ങളും അനുഭവിക്കേണ്ടി വരും.
- എല്ലാ സൌകര്യങ്ങളും സന്ദർഭങ്ങളും ഒത്തിണങ്ങിയ ശേഷം ചെയ്യുന്ന കാര്യങ്ങൾക്കല്ല ത്യാഗം എന്നു പറയുന്നത്.

➢ **അബൂബക്കർ (റ) വിന്റെ ഹിജ്റയുടെ രംഗം.**

- ഭാര്യ അസ്മാ ഗർഭിണിയാണ്. അവർ മക്കത്താണ്.
- അറിയിപ്പ് കിട്ടിയത് പെട്ടന്നാണ്. പ്രായം അമ്പത് കഴിഞ്ഞിട്ടുണ്ട്.
- ശത്രുക്കളുടെ പഴുതടച്ച ആസൂത്രണം.
- നബിയെ സംരക്ഷിക്കാൻ അദ്ദേഹം തയ്യാറായ ചരിത്രം.

➢ **മാലിക് ഇബ്നു ദീനാറും കൂട്ടരും നടത്തിയ സാഹസിക യാത്ര**

**2. സ്വർഗം വെറുതെ ലഭിക്കില്ല.**

أَمْ حَسِبْتُمْ أَن تَدْخُلُوا الْجَنَّةَ وَلَمَّا يَأْتِكُم مَّثَلُ الَّذِينَ خَلَوْا مِن قَبْلِكُم ۖ مَّسَّتْهُمُ الْبَأْسَاءُ وَالضَّرَّاءُ وَزُلْزِلُوا حَتَّىٰ يَقُولَ الرَّسُولُ وَالَّذِينَ آمَنُوا مَعَهُ مَتَىٰ نَصْرُ اللَّهِ ۗ أَلَا إِنَّ نَصْرَ اللَّهِ قَرِيبٌ ﴿البقرة/٢١٤﴾

## 3. പ്രബോധകനാവാൻ പഠിക്കണം

- പഠന രംഗത്ത് ത്യാഗം ചെയ്യേണ്ടി വരും.
- അഹ്ലുസുഫ്ഫ എന്നറിയപ്പെട്ടവർ.

## 4. നിലപാട് മാറ്റുക

ഇതെല്ലാം എന്നും കേൾക്കുന്നതാണ്.

എനിക്ക് ഒന്നും മനസ്സിലാകുന്നില്ല.

ഞാനൊന്നും ഇവിടെ ഇരിക്കേണ്ടവനല്ല.

ഇതെല്ലാം പ്രബോധനം രംഗത്തും പഠന രംഗത്തും നാം പറയുന്ന ന്യായങ്ങളും മറുപടികളാണ്.

- കച്ചവടം, ജോലി എന്നിവക്ക് ഇന്നുള്ള ആരോഗ്യം പര്യാപ്തമാണ്. എന്നാൽ മതപരമായ കാര്യങ്ങൾക്ക് ഈ ആരോഗ്യം പോരാ.
- കാശുണ്ടാക്കാൻ മഞ്ഞും ചൂടും മഴയും പ്രശ്നമില്ല. ജമാഅത്തിന് പോകാൻ ഇതെല്ലാം തടസ്സമാണ്.

**മൂസാ നബി (അ)**

സംസാരിക്കാൻ പ്രയാസമായിരുന്നു – അദ്ദേഹം ഒറ്റക്കാണ് – കൂടെ ആരുമില്ല, സംവിധാനങ്ങളില്ല, സ്ഥാപനങ്ങളില്ല, ഏകാധിപതിയായ ചക്രവർത്തിയോട് തൌഹീദ് പറയാൻ കൽപ്പന.

**എന്നാൽ നമ്മളോ ?**

സംസാരിക്കാൻ അറിയാം, സംഘടന സംവിധാനമുണ്ട്. എല്ലാ സൌകര്യങ്ങളുമുണ്ട്. പക്ഷെ പ്രബോധന രംഗത്ത് നമ്മുടെ പ്രവർത്തനങ്ങൾ ഏപ്രകാരം?

## ശിക്ഷയെ ഭയപ്പെടുക

**നബി (സ്വ) യുടെ ഭാര്യമാർ നബിയോട് ചോദിച്ചു**

يَا رَسُولَ اللَّهِ! أَنَهْلِكُ وَفِينَا الصَّالِحُونَ؟ قَالَ :نَعَمْ، إِذَا كَثُرَ الْخَبَثُ.

- പാപങ്ങൾ വർദ്ധിക്കുകയും തിന്മകൾ വിലക്കാതിരിക്കുകയും ചെയ്താൽ റബ്ബിന്റെ ശിക്ഷ വരെ ഇറങ്ങാൻ സാധ്യതയുണ്ട്.
- ബനു ഇസ്രായില്യരായ ആളുകൾക്ക് ശിക്ഷ ലഭിക്കാനുള്ള കാരണമായി പറഞ്ഞത് അവർ തിന്മ കണ്ടിട്ടും തടുത്തില്ലെന്നുള്ളതാണ്.

**മരണം മുറിക്കാത്ത നന്മകളുടെ പ്രവാഹം**

- ഈ ലോകത്തെ നമ്മുടെ ആത്മാർത്ഥമായ പ്രബോധന പ്രവർത്തനങ്ങളുടെ ഫലം മരണ ശേഷം നമ്മുടെ കബറിൽ നാം കണ്ടെത്തും.
- ഈ പള്ളിയുണ്ടാക്കിയ പലരും ഇന്നുണ്ടാവില്ല. പക്ഷെ അവരുടെ കബറുകളിലേക്ക് ഇതിന്റെ പ്രതിഫലം എത്തും.

قَالَ النَّبِيُّ ﷺ: مَنْ دَلَّ عَلَى خَيْرٍ؛ فَلَهُ مِثْلُ أَجْرِ فَاعِلِهِ

عَنِ ابْنِ جَعْفَرٍ، أَنَّ رَسُولَ اللَّهِ ﷺ حِينَ بَعَثَ مُعَاذًا يُعَلِّمُ الدِّينَ قَالَ لَهُ لَأَنْ يَهْدِيَ اللَّهُ بِكَ رَجُلًا وَاحِدًا، خَيْرٌ لَكَ مِنَ الدُّنْيَا وَمَا فِيهَا

**തുടരും. ഇൻഷാ അള്ളാഹ്**

---

- റൌദത്തുൽ ഖുത്തബാഇന്റെ നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.
- ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+91 8594044600) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.
- മുമ്പ് തയ്യാറാക്കിയ ഖുത്ബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.